(15) നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം 10000 ഹെക്ടർ തരിശു ഭൂമിയിൽ തൊഴിൽരഹിതരായ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നെൽകൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(16) ഗ്രൂപ്പ് ഫാമിംഗിന് ഹെക്ടറിന് 1000 രൂപ ധനസഹായം ചെയ്യുന്നു.

(ബി) ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്ന എല്ലാ നെൽ കൃഷിക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ നേടാവുന്നതാണ്. രണ്ടു ഹെക്ടർ വരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് ഇൻഷ്വറൻസ് പ്രീമിയത്തിന്റെ നിശ്ചിത ശതമാനം കേന്ദ്ര സംസ്ഥാന സർക്കാരുകൾ സബ്സിഡിയായി നൽകുന്നതാണ്. രാസവളത്തിനുള്ള സബ്സിഡി കേന്ദ്രസർക്കാർ ബന്ധപ്പെട്ട വളം കമ്പനികൾക്ക് നേരിട്ടാണ് നൽകുന്നത്. ടി സബ്സിഡിയുടെ പ്രയോജനം വളം വാങ്ങുന്ന എല്ലാ കർഷകർക്കും ലഭിക്കുന്നതാണ്. പമ്പിംഗ് സബ്സിഡിയും നൽകുന്നുണ്ട്.

(സി) കൃഷി വകുപ്പിൽ ഇപ്പോൾ ലഭ്യമായിട്ടുള്ള 18 ''കംപൈൻഡ് ഹാർവെസ്റ്റർ മെഷീനുകൾ'' ആവശ്യാനുസരണം കൃഷിക്കാർക്ക് വാടകയ്ക്ക് നൽകുന്നുണ്ട്.

## കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ സമിതി

168 [181] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*
„ *എം. വി. ഗോവിന്ദൻ മാസ്റ്റർ:*
„ *എം. വി. ജയരാജൻ:*
„ *സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കുറഞ്ഞ ഉൽപാദനക്ഷമത, രോഗകീടബാധകൾ, കാർഷികോൽപന്നങ്ങളുടെ വിലയിടിവ് എന്നിവ തരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനവും, ഉൽപാദനക്ഷമതയും കുറഞ്ഞുവരുന്നതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഏതെല്ലാം കാർഷിക വിളകളുടെ ഉൽപാദനവും, ഉൽപാദനക്ഷമതയുമാണ് കുറഞ്ഞുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കാർഷിക വിളകളുടെ ഉൽപാദനവും കൃഷി സ്ഥലങ്ങളുടെ വിസ്തീർണ്ണവും കുറഞ്ഞുവരുന്നതിനെക്കുറിച്ച് വിദഗ്ദ്ധ സമിതിയെക്കൊണ്ട് പഠനം നടത്താൻ തയ്യാറാവുമോ?

GPM. 2/567/2012—26

LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) പ്രകൃതിക്ഷോഭം കാരണമായി ഉണ്ടായ കൃഷിനാശം (പ്രത്യേകിച്ചും വരൾച്ച) കുറഞ്ഞ ഉൽപാദനക്ഷമത, രോഗകീടബാധകൾ, കാർഷിക ഉൽപന്നങ്ങളുടെ വിലയിടിവ് എന്നിവയാണ് കാർഷിക മേഖലയിൽ കർഷകർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ.

(ബി) കുറഞ്ഞ ഉൽപാദനക്ഷമത തരണം ചെയ്യുവാൻ സർക്കാർ വിവിധ സംസ്ഥാന പ്ലാൻ പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കി വരുന്നു. 2005-06 വർഷത്തിൽ താഴെ പറയുന്ന സംസ്ഥാന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(1) നെല്ല് വികസനം (ബഡ്ജറ്റ് വിഹിതം 1800 ലക്ഷം രൂപ)

(2) നാളികേര വികസനം (ബഡ്ജറ്റ് വിഹിതം 455 ലക്ഷം രൂപ)

(3) കൃഷി ഫാമുകൾ മുഖേനയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും (ബഡ്ജറ്റ് വിഹിതം 200 ലക്ഷം രൂപ)

(4) സംയോജിത കീട നിയന്ത്രണം (ബഡ്ജറ്റ് വിഹിതം 46 ലക്ഷം രൂപ).

താഴെപ്പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും 2005-06-ൽ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു:

(1) നാളീകേരവികസന ബോർഡ് മുഖേന നടപ്പിലാക്കുന്ന നാളീകേര വികസന പദ്ധതികൾ (ബഡ്ജറ്റ് വിഹിതം 6000 ലക്ഷം)

(2) കേരളത്തിലെ പ്രധാന വിളകളായ കുരുമുളക്, കശുമാവ്, മറ്റു സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗം, പച്ചക്കറി, മറ്റു ഉദ്യാനവിളകൾ മുതലായവയുടെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ നാഷണൽ ഹോർട്ടികൾച്ചർ മിഷന്റെ ഭാഗമായി 1372.74 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിനു വേണ്ടിയുള്ള വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു. ആയത് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി ഉടനടി സമർപ്പിക്കുന്നതാണ്.

(സി) പഠനം നടത്തിയിട്ടില്ല. എന്നാൽ ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് എല്ലാ വർഷവും പ്രധാന വിളകളുടെ വിസ്തീർണ്ണം, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ കണക്കാക്കുന്നുണ്ട്.

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

---

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം VII

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 168 (181) കാണുക]

1. നെല്ല്

| വർഷം | ഉൽപ്പാദനം (ടൺ) | ഉൽപ്പാദനക്ഷമത (കിലോ/ഹെ.) |
|---|---|---|
| 1998-1999 | 726743 | 2061 |
| 1999-2000 | 770686 | 2203 |
| 2000-2001 | 751326 | 2162 |
| 2001-2002 | 703504 | 2182 |
| 2002-2003 | 688859 | 2218 |

2. ഏത്തവാഴ

| | | |
|---|---|---|
| 1998-1999 | 386588 | 12666 |
| 1999-2000 | 398145 | 10197 |
| 2000-2001 | 327955 | 7278 |
| 2001-2002 | 375903 | 7389 |
| 2002-2003 | 421809 | 7577 |

3. കുരുമുളക്

| | | |
|---|---|---|
| 1998-1999 | 68510 | 376 |
| 1999-2000 | 47543 | 240 |
| 2000-2001 | 60929 | 301 |
| 2001-2002 | 58240 | 286 |
| 2002-2003 | 67358 | 323 |

4. കാപ്പി

| | | |
|---|---|---|
| 1998-1999 | 49886 | 596 |
| 1999-2000 | 60470 | 719 |
| 2000-2001 | 70550 | 833 |
| 2001-2002 | 66690 | 786 |
| 2002-2003 | 63322 | 762 |

5. തേയില

| | | |
|---|---|---|
| 1998-1999 | 58726 | 1693 |
| 1999-2000 | 61955 | 1781 |

LIBRARY ARCHIVES Kerala Legislative Assembly

| വർഷം | ഉൽപ്പാദനം (ടൺ) | ഉൽപ്പാദനക്ഷമത (കിലോ/ഹെ.) |
|---|---|---|
| 2000-2001 | 69132 | 1876 |
| 2001-2002 | 66090 | 1791 |
| 2002-2003 | 55346 | 1493 |

6. നാളികേരം

| വർഷം | ഉൽപ്പാദനം ദശലക്ഷം (എണ്ണം) | ഉൽപ്പാദനക്ഷമത (എണ്ണം/ഹെക്ടർ) |
|---|---|---|
| 1998-1999 | 5132 | 5817 |
| 1999-2000 | 5680 | 6140 |
| 2000-2001 | 5536 | 5980 |
| 2001-2002 | 5479 | 6049 |
| 2002-2003 | 5709 | 6349 |

7. ഇഞ്ചി

| | ടൺ | (കി.ഗ്രാം/ഹെക്ടർ) |
|---|---|---|
| 1998-1999 | 3962 | 3544 |
| 1999-2000 | 41344 | 3670 |
| 2000-2001 | 42699 | 3677 |
| 2001-2002 | 40181 | 3753 |
| 2002-2003 | 32412 | 3602 |

8. മഞ്ഞൾ

| | ടൺ | (കി.ഗ്രാം/ഹെക്ടർ) |
|---|---|---|
| 1998-1999 | 8034 | 2168 |
| 1999-2000 | 8362 | 2106 |
| 2000-2001 | 9037 | 2190 |
| 2001-2002 | 7895 | 2219 |
| 2002-2003 | 6938 | 2210 |

9. മരച്ചീനി

| | ടൺ | (കി.ഗ്രാം/ഹെക്ടർ) |
|---|---|---|
| 1998-1999 | 2630155 | 23322 |
| 1999-2000 | 2531752 | 22621 |
| 2000-2001 | 2586903 | 22572 |
| 2001-2002 | 2455880 | 22087 |
| 2002-2003 | 2413217 | 23264 |

LIBRARY ARCHIVES Kerala Legislative Assembly